**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1451** **10-10-2024 - ല്‍ മറുപടിയ്ക്ക്**

**കേരള സവാരി ആപ്ലിക്കേഷന്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവന്‍കുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | സര്‍ക്കാര്‍ മേഖലയിലെ ആദ്യ ഓണ്‍ലൈന്‍ ഓട്ടോ ടാക്സി സംവിധാനം എന്ന ഖ്യാതിയോടെ കേരള മോട്ടോര്‍ തൊഴിലാളി ക്ഷേമനിധി ബോര്‍ഡിന്റെ പങ്കാളിത്തത്തോടെ പ്രവര്‍ത്തനമാരംഭിച്ച കേരള സവാരി ആപ്ലിക്കേഷന് ഉദ്ദേശലക്ഷ്യങ്ങള്‍ പൂര്‍ത്തീകരിക്കുന്നതില്‍ വിജയിക്കാന്‍ കഴിഞ്ഞിട്ടില്ല എന്ന് കരുതുന്നുണ്ടോ; | (എ) | **തിരുവനന്തപുരം കോര്‍പ്പറേഷന്‍ പരിധിയില്‍ പൈലറ്റ് പ്രോജക്റ്റ് അടിസ്ഥാനത്തിലാണ് കേരള സവാരി എന്ന പദ്ധതി ആരംഭിച്ചത്. പൈലറ്റ് പ്രോജക്റ്റില്‍ കണ്ടെത്തിയ ന്യൂനതകള്‍ പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഇന്‍ഡ്യന്‍ ടെലഫോണ്‍ ഇന്‍ഡസ്ട്രീസ് പരിഹരിച്ചുവരുന്നു.**സോഫ്റ്റ് വെയര്‍ അപ്ഡേഷന്‍ നടക്കുന്നതിനാല്‍ നിലവില്‍ ആപ് പ്രവര്‍ത്തനക്ഷമമല്ല. നിലവിലെ സര്‍ക്കാര്‍ അംഗീകൃത നിരക്കില്‍ സവാരി നടത്തുന്നതിന് ഡ്രൈവര്‍മാര്‍ വിമുഖത കാണിക്കുന്നതിനാല്‍ പ്രസ്തുത പദ്ധതിയ്ക്കായി പുതിയ നിരക്ക് നിശ്ചയിക്കുന്നതിനു വേണ്ടി 10/06/2024 തീയതിയിലെ സ.ഉ.(സാധാ) നം.612/2024/തൊഴില്‍ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് തുടര്‍ നടപടി സ്വീകരിച്ച് വരുന്നു.<br><br>പദ്ധതിയുടെ ഉദ്ഘാടനത്തിനും പരസ്യത്തിനും ഡ്രൈവര്‍മാര്‍ക്കുള്ള ബോധവത്കരണ ക്ലാസ്സിനും പ്രൊമോഷണല്‍ ആക്റ്റിവിറ്റീസിനുമായി ആകെ 69,32,835/- (അറുപത്തൊന്‍പത് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തഞ്ചു രൂപ മാത്രം) **കേരള മോട്ടോര്‍ തൊഴിലാളി ക്ഷേമനിധി ബോര്‍ഡ്** ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ സംരംഭം പരാജയപ്പെട്ടതിനുള്ള കാരണങ്ങള്‍ എന്തെല്ലാമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത് ; ഈ സംരംഭത്തിനായി ആകെ എത്ര രൂപയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളത്; | (ബി) | **തിരുവനന്തപുരം കോര്‍പ്പറേഷന്‍ പരിധിയില്‍ പൈലറ്റ് പ്രോജക്റ്റ് അടിസ്ഥാനത്തിലാണ് കേരള സവാരി എന്ന പദ്ധതി ആരംഭിച്ചത്. പൈലറ്റ് പ്രോജക്റ്റില്‍ കണ്ടെത്തിയ ന്യൂനതകള്‍ പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഇന്‍ഡ്യന്‍ ടെലഫോണ്‍ ഇന്‍ഡസ്ട്രീസ് പരിഹരിച്ചുവരുന്നു.** സോഫ്റ്റ് വെയര്‍ അപ്ഡേഷന്‍ നടക്കുന്നതിനാല്‍ നിലവില്‍ ആപ് പ്രവര്‍ത്തനക്ഷമമല്ല. നിലവിലെ സര്‍ക്കാര്‍ അംഗീകൃത നിരക്കില്‍ സവാരി നടത്തുന്നതിന് ഡ്രൈവര്‍മാര്‍ |

| | | | |
|---|---|---|---|
| | | | വിമുഖത കാണിക്കുന്നതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി പുതിയ നിരക്ക് നിശ്ചയിക്കുന്നതിനു വേണ്ടി 10/06/2024 തീയതിയിലെ സ.ഉ.(സാധാ) നം.612/2024/തൊഴിൽ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉടർ നടപടി സ്വീകരിച്ചു വരുന്നു.<br><br>പദ്ധതിയുടെ ഉദ്ഘാടനത്തിനും പരസ്യത്തിനും ഡ്രൈവർമാർക്കുള്ള ബോധവത്കരണ ക്ലാസ്സിനും പ്രൊമോഷണൽ ആക്ടിവിറ്റീസിനുമായി ആകെ 69,32,835/- (അറുപത്തൊൻപത് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തഞ്ചു രൂപ മാത്രം) **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്** ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഇത് പുനരുദ്ധരിക്കുന്നതിനായി സ്വകാര്യ ആപ്ലിക്കേഷനുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം സ്വകാര്യ ആപ്ലിക്കേഷനുമായി ചേർന്ന് പ്രവർത്തിക്കുക; | (സി) | ഇല്ല |
| (ഡി) | ഉയർന്ന കമ്മീഷൻ ഈടാക്കുന്ന സ്വകാര്യ ഏജൻസിയുമായി ചേർന്ന് പ്രവർത്തിക്കുമ്പോൾ അത് മോട്ടോർ വാഹന തൊഴിലാളികളുടെയും വാഹന ഉടമകളുടെയും വരുമാനത്തിൽ വലിയ ഇടിവുണ്ടാക്കുമെന്ന് കരുതുന്നുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | എങ്കിൽ തെഴിലാളികൾക്കും വാഹന ഉടമകൾക്കും നഷ്ടം വരാതെ പദ്ധതി വിജയത്തിലെത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ